## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1911 05.10.2016-ൽ മറുപടിയ്ക്ക്

## ആർ.എ.എച്ച്.സി കളുടെ ചുമതലകൾ

**ചോദ്യം**

**ശ്രീ.ഇ.കെ.വിജയൻ**

(എ) മൃഗസംരക്ഷണ വകുപ്പിൽ റീജിയണൽ ആർട്ടിഫിഷ്യൽ ഇൻസെമിനേഷൻ സെന്റർ (ആർ.എ.ഐ.സി) നിർത്തലാക്കിയതിന് ശേഷം നിലവിൽ വന്ന ആർ.എ.എച്ച്.സി കൾ ഇപ്പോൾ ചെയ്യുന്ന ചുമതലകൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ;

**ഉത്തരം**

**അഡ്വ.കെ.രാജു**

(വനവും മൃഗസംരക്ഷണവും ക്ഷീരവികസനവും മൃഗശാലകളും വകുപ്പ് മന്ത്രി)

(എ) മൃഗസംരക്ഷണ വകുപ്പിൽ നിലവിൽ വന്ന ആർ.എ.എച്ച്.സി കളുടെ ചുമതലകൾ ചുവടെ ചേർക്കുന്നു.

a) പ്രാദേശിക മൃഗസംരക്ഷണകേന്ദ്രങ്ങൾ താലൂക്ക്തല സ്ഥാപനങ്ങളായിരിക്കും. 63 താലൂക്കുകളിലും ഈ സംവിധാനം നിലവിൽ വരുന്നതാണ്. ഇവ നിലവിൽ വരുന്നതുവരെ ആർ.എ.ഐ.സികൾ ആർ.എ.എച്ച്.സി കളിലായി അവയുടെ പ്രവർത്തനപരിധിയിൽ വരുന്ന സ്ഥാപനങ്ങളുടെ മേൽനോട്ടം വഹിക്കേണ്ടതാണ്.

b) പ്രാദേശിക മൃഗസംരക്ഷണകേന്ദ്രങ്ങൾ ജില്ലാ മൃഗസംരക്ഷണ ആഫീസറുടെ നിയന്ത്രണത്തിലായിരിക്കും.

c) കേന്ദ്രസംസ്ഥാനാവിഷ്കൃത പദ്ധതികൾ ആർ.കെ.വി.വൈ, കന്നുകുട്ടി പരിപാലന പദ്ധതി പ്രത്യേക പാക്കേജുകൾ എന്നിവയുടെ നടത്തിപ്പിന്റെ മേൽനോട്ടവും, റിപ്പോർട്ട് സമാഹരണവും, വിലയിരുത്തൽ തുടങ്ങിയ ചുമതലകൾ പ്രാദേശിക മൃഗസംരക്ഷണ കേന്ദ്രങ്ങളിൽ നിക്ഷിപ്തമായിരിക്കും.

d) താലൂക്ക് പരിധിയിൽ വരുന്ന സ്ഥാപനങ്ങൾ വഴി നടപ്പിലാക്കുന്ന പദ്ധതികളുടെയും സേവനങ്ങളുടെയും നടത്തിപ്പ്, വെറ്ററിനറി സബ്സെന്ററുകൾ, മൃഗാശുപത്രികൾ എന്നിവയുടെ വിശദ പരിശോധന നടത്തി റിപ്പോർട്ട് ജില്ലാ മൃഗസംരക്ഷണ ആഫീസർക്ക് നൽകേണ്ടതാണ്.

..............2

| | | | |
|---|---|---|---|
| | | | e) വിജ്ഞാനവ്യാപന പ്രവർത്തനങ്ങൾ, പ്രദർശനങ്ങൾ തുടങ്ങിയവ പഞ്ചായത്തുതല മൃഗസംരക്ഷണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ നടപ്പിലാക്കുന്നതാണ്.<br>f) ഉത്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിന് വേണ്ട നിർദ്ദേശങ്ങൾ നൽകുന്നതും അതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏറ്റെടുക്കേണ്ടതുമാണ്.<br>g) മൃഗസംരക്ഷണമേഖലയിൽ പുതിയ സംരംഭകരെ കണ്ടെത്തുന്നതിനും അവർക്ക് വേണ്ട പദ്ധതി തയ്യാറാക്കി നൽകുന്നതിനും വേണ്ട നടപടി കൈക്കൊള്ളേണ്ടതാണ്. |
| (ബി) | ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ ചുമതലകൾ വ്യക്തമായി നിർണ്ണയിച്ചു കൊണ്ടുള്ള എന്തെങ്കിലും ഉത്തരവുകൾ നിലവിലുണ്ടോ; | (ബി) | ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ ചുമതലകൾ വ്യക്തമായി നിർണ്ണയിച്ചുകൊണ്ട് താഴെപ്പറയുന്ന ഉത്തരവുകൾ നിലവിലുണ്ട്.<br>a) മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ 06.10.1990 ലെ ബി5-33392/90/ആസൂത്രണം നമ്പർ ഉത്തരവ്.<br>b) മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറുടെ 08.07.2013-ലെ സി1-17704/11 നമ്പർ ഉത്തരവ്. |
| (സി) | എങ്കിൽ പകർപ്പ് ലഭ്യമാക്കാമോ; | (സി) | പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ